**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634</u>** **<u>06-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മങ്കട മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ ആകെ എത്ര വ്യവസായ സംരംഭങ്ങൾ ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങൾ എത്ര; കണക്കുകൾ ലഭ്യമാക്കാമോ; | (എ) | മങ്കട മണ്ഡലത്തിൽ ആകെ 2002 സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു . കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 475 സംരംഭങ്ങളും ഈ സർക്കാരിന്റെ കാലത്ത് 2157 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് മങ്കട മണ്ഡലത്തിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ എത്ര; കണക്ക് ലഭ്യമാക്കാമോ; | (ബി) | മങ്കട മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 21.9% സംരംഭങ്ങൾ പ്രവർത്തന രഹിതമായിരുന്നു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട സഹായങ്ങൾ നൽകുന്നതിനും ആയി വ്യവസായ വകുപ്പ് നിയമിച്ച Enterprise Development Executive -മാർ സംരംഭങ്ങളിൽ സന്ദർശനം നടത്തി ശേഖരിച്ച വിവരങ്ങൾ പ്രകാരം, തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ ശതമാനം ദേശീയ ശരാശരിയായ 30% -ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. മങ്കട മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം അവസാനിപ്പിച്ചത് 5.84% സംരംഭങ്ങൾ മാത്രമാണ്. |
| (സി) | മങ്കട മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഈ കാലയളവിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ വഴി എത്ര പേർക്ക് ഇവിടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (സി) | മങ്കട മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2148 ആളുകൾക്കും ഈ സർക്കാരിന്റെ കാലത്ത് 4294 ആളുകൾക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. 9 വർഷക്കാലയളവിലെ കണക്കാണ് മേൽപ്പറഞ്ഞത് എന്നതിനാൽ ഒരേ തൊഴിലാളി തന്നെ ഒന്നിലധികം സംരംഭങ്ങളിൽ ഉൾപ്പെടാനും പ്രവർത്തനം നിലയ്ക്കുന്ന സംരംഭങ്ങളിലെ ചില തൊഴിലാളികൾക്കെങ്കിലും മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ കിട്ടാനും സാധ്യതയുള്ളതിനാൽ സ്ഥാപനം പൂട്ടിപ്പോയത് കാരണമുള്ള യഥാർത്ഥ തൊഴിൽ നഷ്ടം കണക്കാക്കുന്നത് പ്രായോഗികമല്ല. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര കോടിയുടെ നിക്ഷേപം ഈ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ 45.31 കോടി രൂപയുടെ നിക്ഷേപവും ഈ സർക്കാരിന്റെ കാലത്ത് 60.66 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ